WEDNESDAY 07.02.2024 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/02/2024

1. കാർഷികമേഖലയിലെ സംരംഭകർക്ക് ദിശാബോധവും സാങ്കേതികവിദ്യകളെകുറിച്ച് പ്രാഥമികജ്ഞാനവും ബിസിനസ്സ് സങ്കേതങ്ങളെക്കുറിച്ചു അവബോധവും നൽകുന്ന പാഠശാലയാണ് ഫാം ബിസിനസ്സ് സ്കൂൾ. ഫാം ബിസിനസ്സ് സ്കൂളിന്റെ പുതിയ ബാച്ച് 2024 ഫെബ്രുവരി 19 മുതൽ 24 വരെ കർഷകഭവനം, വെള്ളാനിക്കര, തൃശൂരിൽ വച്ച് നടത്തുന്നു. അപേക്ഷാ ഫീസ് 5000 രൂപ.. അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി ഈ മാസം 09 (9-2-24). അപേക്ഷകന് വേണ്ട കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ഹയർസെക്കൻഡറി ആണ്. കൂടുതൽ വിവരങ്ങൾക്ക് **0487 2371104** എന്ന ഫോൺ നമ്പരിലോ, cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

2. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2023-24 സാമ്പത്തിക വർഷത്തിൽ ഉദ്യാനവിളക്ക് സഹായം നൽകുന്നു. നഴ്സറികൾ, വിള വിസ്തൃതി വ്യാപനം/ പുതിയ കൃഷിത്തോട്ടം, ഉത്പാദന ചെലവ് കുറഞ്ഞ ദീർഘകാല ഫലവർഗ്ഗങ്ങൾ, സങ്കരയിനം പച്ചക്കറി കൃഷി, പുഷ്പങ്ങൾ, സുഗന്ധവിളകൾ, സുഗന്ധ തൈലവിളകൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നു. വിശദവിവരങ്ങൾക്ക് കൃഷിഭവനുമായോ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 0471 2330857 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

3. ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷന്റെ കീഴിലുള്ള വെള്ളാനിക്കര വാട്ടർമാനേജെന്റ് റിസർച്ച് യൂണിറ്റിൽ നിന്നും WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ 0480-2702116 എന്ന നമ്പറിൽ വിളിക്കുക.

4. വെട്ടിക്കവല ഗ്രാമപഞ്ചായത്ത് 2023-24 ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന 'മുറ്റത്തൊരു മീൻ തോട്ടം' പദ്ധതി നടപ്പിലാക്കുന്നു. ഫിഷറീസ്

വകുപ്പും, ഗ്രാമപഞ്ചായത്തും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. 8000 രൂപ ചെലവിൽ വീടിനോട് ചേർന്ന് 20 അടി നീളവും, 10 അടി വീതിയും, ഒരു മീറ്റർ താഴ്ച്ചയിലുമാണ് കുളം നിർമിക്കുന്നത് . മീൻകുഞ്ഞുങ്ങളെയും, തീറ്റയും സബ്സിഡിയായി ഫിഷറീസ് വകുപ്പ് നൽകും. മീൻ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കണ്ടെത്തി വിപണി ഒരുക്കുകയാണ് പദ്ധതി ലക്ഷ്യം.

**പരിശീലന പരിപാടി**

5. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഫെബ്രുവരി 8, 9 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893153 / 9633668644 എന്നീ ഫോൺ നമ്പരുകളിലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

6. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി 13,14 തീയതികളിൽ "ക്ഷീരസംരംഭകത്വം ശാസ്ത്രീയ പശുപരിപാലനത്തിലൂടെ' എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. 10 പശുക്കളെ വളർത്തുന്നവരോ അതിന് സാഹചര്യമുള്ളവരോ 2024 ഫെബ്രുവരി 13 രാവിലെ 10 മണിക്ക് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ - 20/-രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, അർഹമായ യാത്രാബത്ത, ദിനബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

7. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ അഗ്രോണമി വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 19.02.2024ന് രാവിലെ 10 .30 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ റർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487 2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

8. കേരള മൃഗസംരക്ഷണ വകുപ്പ് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ കോട്ടയം തലയോലപ്പറമ്പിന്റെ ഓഫ് ക്യാമ്പസ് ട്രെയിനിങ്ങിന്റെ ഭാഗമായി **ആദായകരമായ പശു വളർത്തൽ** എന്ന വിഷയത്തിൽ ഒരു പരിശീലനം വെറ്ററിനറി പോളി ക്ലിനിക് പരിയാരം പുതുപ്പള്ളിയിൽ വച്ച് ഇന്ന് (ഫെബ്രുവരി 7) രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് **9744599496** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

9. എറണാകുളം ജില്ലയിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഫെബ്രുവരി മാസം എട്ടിന് **നായ്ക്കളും പൂച്ചകളും അറിയേണ്ടതെല്ലാം**, 13ന് ശാസ്**ത്രീയ പന്നി വളർത്തൽ** 20ന് **ഓമന പക്ഷികൾ വിനോദത്തിനും വരുമാനത്തിനും** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ **842950408** എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് 12.02.2024 മുതൽ 22.02.2024 വരെ കോഴിക്കോട്, വയനാട്, മലപ്പുറം

ജില്ലകളിലുള്ളവർക്ക് **പാലുത്പന്ന നിർമ്മാണത്തിൽ** പരിശീലന പരിപാടി നടത്തുന്നു. ക്ഷീരോൽപ്പന്ന നിർമ്മാണ സംരംഭകത്വം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും ക്ഷീരകർഷകർക്കും പരിശീലനം പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 105 രൂപ. ആധാർ കാർഡിന്റെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ **08.02.2024-ന്** വൈകുന്നേരം 5 മണിക്ക് മുൻപായി 0495 2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിനു പങ്കെടുപ്പിക്കുന്നതുമാണ്. .

11. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് ഡിവിഷനിൽ സിവിൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളിലേക്ക് 'എഞ്ചിനീയറിങ് ട്രെയിനി'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഫെബ്രുവരി 19 ന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുകയോ, 04812353311 എന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം